**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2123**

**18.07.2016 ലെ മറുപടിയ്ക്ക്**

**ആർ. ആർ. വി. സ്കൂളിലെ ശമ്പളം ലഭിക്കാത്ത അധ്യാപകർ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ സ്റ്റാഫ് ഫിക്സേഷനെ തുടർന്ന് ഹൈസ്കൂൾ വിഭാഗത്തിൽ ശമ്പളം ലഭിക്കാതെ വന്ന അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ ; | (എ) | 29/01/2016 ലെ ജി.ഒ (പി) നം. 29/16/പൊവിവ യിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തിയ തസ്തിക നിർണ്ണയം വഴി തസ്തിക നഷ്ടപ്പെട്ട സംരക്ഷിത അദ്ധ്യാപകർ പുനർ വിന്യസിക്കപ്പെടുന്ന മുറയ്ക്ക് ശമ്പളം നൽകുന്നതാണ് എന്നും, തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ, ശൂന്യവേതനാവധിയായോ ക്രമീകരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർക്ക് 2015 മേയ് മാസത്തെ ശമ്പളം നൽകേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;<br><br>(സി) ഇല്ലെങ്കിൽ ഏതെങ്കിലും വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | 29/01/2016 ലെ സ.ഉ. (പി) നം. 29/16/പൊവിവ ഖണ്ഡിക III (4) (ബി) യിൽ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്നമുറയ്ക്ക് സ്പാർക്കിലൂടെയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016 ഏപ്രിൽ മാസത്തിലാണ് തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായത്. അതുകൊണ്ടാണ് തസ്തിക നഷ്ടംവന്ന സംരക്ഷിതാദ്ധ്യാപകരുടെ 2016 മേയ് മാസം മുതലുള്ള ശമ്പളം തടഞ്ഞിട്ടുള്ളത്. |
| (ഡി) തിരുവനന്തപുരം ജില്ലയിലെ ആർ.ആർ.വി. സ്കൂളിലെ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകർക്ക് 2015 മേയ് മാസത്തെ ശമ്പളം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;<br><br>(ഇ) സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ആർ. ആർ. വി. സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകാതിരിന്നിട്ടുണ്ടെങ്കിൽ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) യും (ഇ) യും | 29/01/2016 ലെ ജി.ഒ (പി) നം. 29/16/ പൊവിവ യിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടത്തിയ തസ്തിക നിർണ്ണയം വഴി തസ്തിക നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ആർ.ആർ.വി. ഹൈസ്കൂളിലെ അദ്ധ്യാപകർക്കും 2016 മേയ് മാസം മുതൽ ശമ്പളം നൽകുന്നില്ല. അവരെ പുനർ വിന്യസിക്കുന്നതനുസരിച്ച് ശമ്പളം സ്പാർക്കിലൂടെ ലഭിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ